# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/208/2016 **പത്രക്കുറിപ്പ്** 2016 സെപ്തംബർ 29

## എം.ജി ഡിഗ്രി ഏജാലകം: മൂന്നാം ഫൈനൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനം ഇന്നു കൂടി (സെപ്തംബർ 30)

എം.ജി സർവ്വകലാശാല ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റിന്റെ മൂന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഇന്ന് (സെപ്തംബർ 30) വൈകുന്നേരം 4 മണിക്കകം അലോട്മെന്റ് ലഭിച്ച കോളജിൽ ഹാജരായി പ്രവേശനം നേടണം. ഇന്ന് ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും. മാനേജ്മെന്റ്/കമ്യൂണിറ്റി ക്വാട്ടാകളിലെ പ്രവേശന നടപടിക്രമങ്ങളും ഇന്ന് പൂർത്തിയാക്കണം.

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ് വർക് ടെക്നോളജി (2015 അഡ്മിഷൻ റഗുലർ ആന്റ് 2015ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 28 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 13 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും.

മൂന്നാം വർഷ ബി.പി.റ്റി (മേഴ്സി ചാൻസ്) പരീക്ഷയുടെ റീഹാബിലിറ്റേഷൻ മെഡിസിൻ ആന്റ് ബയോമെക്കാനിക്സ് പേപ്പറിന്റെ പരീക്ഷ നവംബർ 21ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

## സൂക്ഷ്മപരിശോധനയ്ക്ക് നേരിട്ട് ഹാജരാകണം

2015 ആഗസ്റ്റ് മാസം നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി (പി.ജി.സി.എസ്.എസ്) പരീക്ഷയിൽ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയിട്ടുള്ളവർ ഒക്ടോബർ 3, 4, 5 തീയതികളിൽ എം.ജി സർവ്വകലാശാല കാമ്പസിലെ പരീക്ഷാ ഭവൻ (റൂം നമ്പർ 226)-ൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾ ടിക്കറ്റ് ഇവ സഹിതം രാവിലെ 10.30നും വൈകുന്നേരം 3.30നും ഇടയ്ക്ക് നേരിട്ട് ഹാജരാകണം.

## ബി.ടെക് വൈവാ

സേവ് എ സെമസ്റ്റർ എക്സാമിനേഷൻ സ്കീം അനുസരിച്ച് എട്ടാം സെമസ്റ്റർ വരെ വൈവ ഒഴികെ എല്ലാ പരീക്ഷകളും പാസായ ബി.ടെക് വിദ്യാർത്ഥികൾക്ക് വൈവാ വോസിയ്ക്ക് പുനഃപ്പരീക്ഷ നടത്തും. പരീക്ഷയ്ക്കുള്ള അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 14 വരെ സ്വീകരിക്കും. പരീക്ഷാ തീയതി പിന്നീട്.

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിങ് ടെക്നോളജി (2014 അഡ്മിഷൻ) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 4, 5 തീയതികളിൽ പാലാ സെന്റ് തോമസ് കോളജിൽ വച്ച് നടത്തും.

ഒന്നാം സെമസ്റ്റർ എം.എഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ചൽ ഡിസെബിലിറ്റി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 5ന് മൂവാറ്റുപുഴ നിർമ്മലസദൻ ട്രെയ്നിങ് കോളജ് ഫോർ സ്പെഷ്യൽ എജ്യൂക്കേഷനിൽ വച്ച് നടത്തും.

## വൈവാ വോസി

രണ്ടാം സെമസ്റ്റർ എം.ബി.എ ഡിഗ്രി പ്രോഗ്രാമിന്റെ വൈവാ വോസി ഒക്ടോബർ 6 മുതൽ നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സിറിയക് (പി.ജി.സി.എസ്.എസ് – റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഒക്ടോബർ 15 വരെ സ്വീകരിക്കും.

## എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ: സ്പോട് അഡ്മിഷൻ

എം.ജി സർവ്വകലാശാല പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിൽ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0468–2323957, 9446705344.

## ഗസ്റ്റ് ലക്ചറർ ഒഴിവ്: അഭിമുഖം ഒക്ടോബർ 5ന്

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള തൃപ്പൂണിത്തുറ ബി.എഡ് കേന്ദ്രത്തിൽ ഫിസിക്കൽ എജ്യൂക്കേഷൻ ഗസ്റ്റ് ലക്ചററുടെ ഒരു ഒഴിവുണ്ട്. 55 ശതമാനം മാർക്കോടെയുള്ള എം.പി.എഡ് ബിരുദം ആണ് യോഗ്യത. പ്രായം 67 വയസ് കവിയാൻ പാടില്ല. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 5ന് രാവിലെ 11 മണിക്ക് തൃപ്പൂണിത്തുറ ഗവ. ബോയ്സ് സ്കൂൾ കോംപൗണ്ടിൽ പ്രവർത്തിക്കുന്ന കോളജ് ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. ഫോൺ 0484–2785646.

## ഇന്റേണൽ മാർക്ക് അപ്‌ലോഡിങ്: കോളജ് പിഴ ഒടുക്കണം

പരീക്ഷകൾ ആരംഭിക്കുന്ന തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്കുകൾ പ്രിൻസിപ്പാൾമാർ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ഒരു വിദ്യാർത്ഥിക്ക് 500 രൂപ എന്ന നിരക്കിൽ പത്ത് ദിവസം വരെയും അതിനുശേഷം ഒരു വിദ്യാർത്ഥിക്ക് 1000 രൂപ നിരക്കിൽ ഫലം തീർപ്പാക്കുന്ന ദിവസം വരെയും കോളജ് പിഴ ഒടുക്കേണ്ടതാണ്.

## റാഗിംങ് വിരുദ്ധ പ്രസ്താവന

സുപ്രീം കോടതിയുടെയും യു.ജി.സിയുടെയും മാർഗ്ഗനിർദ്ദേശമനുസരിച്ച് കോളജ് വിദ്യാർത്ഥികൾ എല്ലാ വർഷവും റാഗിംങ് വിരുദ്ധ സത്യപ്രസ്താവന നടത്തേണ്ടതാണ്. വിശദ വിവരങ്ങൾക്ക് വെബ് സൈറ്റ്: www.amanmovement.org/www.antiragging.in

## ഗാന്ധിജയന്തി വാരാഘോഷം

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 30 മുതൽ ഒക്ടോബർ 6 വരെ ഗാന്ധി ഭവനിൽ വച്ച് ഗാന്ധിജയന്തി വാരാഘോഷം സംഘടിപ്പിക്കുന്നു. സെപ്തംബർ 30ന് രാവിലെ 10 മണിക്ക് വാരാഘോഷം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗം ഡോ. അജി സി പണിക്കർ, ആനി ബാബു, ഡോ. റോയ് സി. മാത്യു, ഡോ. ആർ. എസ്. സന്ധ്യ, ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ പങ്കെടുക്കും. വാരാഘോഷത്തോടനുബന്ധിച്ച് സ്വദേശി ഉൽപന്നങ്ങളുടെയും ഖാദിവസ്ത്രങ്ങളുടെയും പ്രദർശനവും വിപണനവും, ചർക്ക പ്രദർശനം, പുസ്തക പ്രദർശനം, പ്രബന്ധ രചനാ മത്സരം, ഇന്റർ സ്കൂൾ ക്വിസ് മത്സരം എന്നിവ ഉണ്ടാകും. വിവിധ ദിവസങ്ങളിലായി നടക്കുന്ന പരിപാടികളിൽ പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, കെ. ഷെറഫുദ്ദീൻ, ഡോ. ആന്റണി കെ. ചിറപ്പണത്ത്, ടി. പ്രസാദം കുമാർ, പ്രൊഫ. എ. വി. ജോസഫ്, കെ. ജി. ജഗദീശൻ, റവ. ഡോ. കെ. എം. ജോർജ്, ഇ. ആർ. വിജയൻ, റവ. ഫാ. സജി വർഗീസ്, മഞ്ജുഷ കെ. എ എന്നിവർ പങ്കെടുക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)